**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1888** **08-10-2021 - ൽ മറുപടിയ്ക്ക്**

**മിൽമ ബൂത്ത് ആരംഭിക്കുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മിൽമ ബൂത്ത് ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും അതിനായി അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയൊണെന്നും വിശദമാക്കാമോ; സ്വകാര്യ വ്യക്തികൾക്ക് മിൽമ ബൂത്ത് ആരംഭിക്കുവാൻ സാധിക്കുമോ? | (എ) | സ്വകാര്യ വ്യക്തികൾ ഉൾപ്പെടെ ഏതൊരു വ്യക്തിക്കും മിൽമ ബൂത്ത് ആരംഭിക്കാവുന്നതാണ്. സ്വന്തമായി കരമടച്ച രസീതുള്ള കെട്ടിടമോ, അല്ലെങ്കിൽ വാടകച്ചീട്ട് മുഖാന്തരം ഉടമസ്ഥതയിലുള്ള കെട്ടിടമോ ഉണ്ടായിരിക്കണം. മിൽമ യൂണിറ്റുകളിൽ നിന്നും ബൂത്ത് ആരംഭിക്കുവാൻ താല്പര്യമുള്ള വ്യക്തികൾ നിർദ്ദിഷ്ട തുക അടച്ച് അപേക്ഷാ ഫാറം വാങ്ങി ആധാർ കാർഡ്, പാൻകാർഡ്, ഫോട്ടോ, GST നമ്പർ ഉണ്ടെങ്കിൽ അതുൾപ്പെടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ലഭിച്ച് കഴിഞ്ഞാൽ ബൂത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ വില്പന സാധ്യത, ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിനു സമീപത്തുള്ള മറ്റ് ഏജൻസികളുടെ പ്രവർത്തനം, പുതിയ ഏജൻസി നൽകിയാൽ വ്യാപാര വർദ്ധനവ് ഉണ്ടാകുമോ എന്നിങ്ങനെയുള്ള കാര്യങ്ങൾ ഡയറിയിൽ നിന്നും ഉദ്യോഗസ്ഥർ പരിശോധിക്കുന്നതാണ്. അതോടൊപ്പം ഏജൻസി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തേക്ക് ഡെലിവറി വാഹനം എത്തുന്നതിനുള്ള വാഹന സൗകര്യമുണ്ടോ എന്നും, വൈദ്യുതി കണക്ഷൻ, പാൽ, തൈര് തുടങ്ങിയ ഉല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനാവശ്യമായ ഫ്രീസർ/ റഫ്രിജറേറ്റർ സൗകര്യമുണ്ടോ എന്ന് ഉറപ്പുവരുത്തിയതിനു ശേഷമാണ് ഏജൻസി തുടങ്ങുന്നതിനുള്ള അനുമതി നൽകുന്നത്. ഒരു പുതിയ ഏജൻസി ആരംഭിച്ചാൽ അവർ എത്ര പാൽ എടുത്താൽ പ്രയോജനകരമാകും എന്നതും പരിശോധിക്കുന്നതാണ്. ഏജൻസി എടുക്കുന്ന വ്യക്തിക്ക് FSSAI ലൈസൻസും ഉണ്ടായിരിക്കേണ്ടതാണ്. വാഹനസൗകര്യം ഇല്ലായെങ്കിൽ പാൽ ഡെലിവറി ചെയ്യുന്ന സ്ഥലത്തു നിന്ന് എടുക്കുന്നതിന് ഏജന്റ് തയ്യാറായിരിക്കണം. ഇതോടൊപ്പം തന്നെ ഓരോ യൂണിയനും നിഷ്കർഷിച്ചിരിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് |

| | | | |
|---|---|---|---|
| | | | ഒടുക്കേണ്ടതാണ്. മേഖലാ യൂണിയനുകൾ ഏജൻസികളോട് ഏജൻസി ആരംഭിക്കുന്ന സമയത്ത് ഒരു നിശ്ചിത തുകയ്ക്കുള്ള ഉല്പന്നങ്ങൾ എടുക്കുന്നതിന് ആവശ്യപ്പെടുകയാണെങ്കിൽ അത് പാലിക്കേണ്ടതാണ്. ഏജൻസി അനുവദിച്ചു കിട്ടുന്നതിനായി ഇതു സംബന്ധിച്ച നിബന്ധനകൾ പാലിക്കുവാൻ തയ്യാറാണെന്നുമുള്ള സത്യവാങ്മൂലം നൽകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ